ദീപിക

14 October 2023

# അഗ്രികൾച്ചറൽ സയൻസ് കോൺഗ്രസ് സമാപിച്ചു

**കൊച്ചി:** 16ാമത് അഗ്രികൾച്ചറൽ സയൻസ് കോൺഗ്രസ് സമാപിച്ചു. സമാപന സംഗമത്തിൽ ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് (ഐസിഎആർ) ഡയറക്ടർ ജനറൽ ഡോ ഹിമാൻഷു പാഠക് അധ്യക്ഷത വഹിച്ചു. നാഷണൽ അക്കാദമി ഓഫ് അഗ്രികൾച്ചറൽ സയൻസസ് (നാസ്) സംഘടിപ്പിച്ച ഗ്രികൾച്ചറൽ സസൻസ് കോൺഗ്രസിന് ഇത്തവണ ആതിഥ്യമരുളിയത് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനമായിരുന്നു.




*16ാമത് അഗ്രികൾച്ചർ സയൻസ് കോൺഗ്രസിന!റെ സമാപന സംഗമത്തിൽ ഐസിഎആർ ഡയറക്ടർ ജനറൽ ഡോ ഹിമാൻഷു പാഠക് സംസാരിക്കുന്നു.*

ആറ് പ്ലീനറി പ്രഭാഷണങ്ങളും നാല് സിംപോസിയങ്ങളും മൂന്ന് പാനൽ ചർച്ചകളും ഒരു ശിൽപശാലയും സമ്മേളനത്തിൽ നടന്നു.കാർഷികഭക്ഷ്യോൽപാദനവുമായി ബന്ധപ്പെട്ട 10 പ്രധാന തീമുകളിലായി പോഷകാഹാരക്കുറവ്, കാലാവസ്ഥാവ്യതിയാനം, ജനിതക വിളകൾ, മൃഗസംരക്ഷണം, മത്സ്യകൃഷി, ഭക്ഷ്യസംസ്കരണം, ഡിജിറ്റൽ കൃഷി, നിർമിതബുദ്ധി അധിഷ്ഠിത കാർഷികവൃത്തി തുടങ്ങിയ നിരവധി വിഷയങ്ങളിൽ 114 പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സമ്മേളനം ചർച്ച ചെയ്തു. ഇന്ത്യക്കകത്തു നിന്നും പുറത്തുനിന്നുമായി 1500ലേറെ പ്രതിനിധികൾ കോൺഗ്രസിൽ പങ്കെടുത്തു.

നാസ് വൈസ് പ്രസിഡണ്ട് ഡോ കെ എം ബുജർബറുവ, ഐസിഎആർ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ ജെ കെ ജെന,ഡോ പഞ്ചാബ് സിംഗ്, നാസ് സെക്രട്ടറി ഡോ ഡബ്ല്യു എസ് ലാക്ര, സിഎംഎഫ്ആർഐ ഡയറക്ടർ !ഡോ എ ഗോപാലകൃഷ്ണൻ എന്നിവർ സംസാരിച്ചു.